**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - ഇ-ടെണ്ടർ ഒഴിവാക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു..

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ(പി) നം.378/2015/ധന തീയതി, തിരുവനന്തപുരം, 26.08.2015

പരാമർശം: 1. 27.05.2004-ലെ ജി.ഒ(പി)നം. 247/2004/ധന ഉത്തരവ്.
2. 07.05.2014 ലെ ജി.ഒ(എം.എസ്)നം.74/2014/LSGD.
3.12.05.2015 ലെ ജി.ഒ(എം.എസ്)നം.13/2015/ഐ.റ്റി.ഡി.

**ഉത്തരവ്**

എം.എൽ.എ മാരുടെ പ്രത്യേക വികസനനിധിയുടെ നിർവ്വഹണം സംബന്ധിച്ച മാർഗ്ഗരേഖയടങ്ങുന്ന ഉത്തരവ് പരാമർശം(1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

2) 5 ലക്ഷം രൂപയിൽ കൂടുതൽ അടങ്കൽ തുകയുള്ള മുഴുവൻ ജോലികളും ഇ-ടെണ്ടർ ചെയ്യണമെന്ന് പരാമർശം (2)ഉം (3)ഉം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം എം.എൽ..എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ചുള്ള 5 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള പ്രവൃത്തിയും ടി ഉത്തരവ് പ്രകാരം ഇ - ടെണ്ടർ ചെയ്ത് വരുന്നു. എന്നാൽ ആയത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും, മരാമത്ത് പണികളുടെ ഗുണഭോക്താക്കൾക്കും ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ പരാതി ഉന്നയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 5 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള മുഴുവൻ ജോലികളും ഇ-ടെൻഡർ ചെയ്യണമെന്ന പരാമർശം (2), (3) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥ എം.എൽ.എ മാരുടെ പ്രത്യേക വികസനനിധി വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഒഴിവാക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ: കെ.എം. എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :-

1.എല്ലാ നിയമസഭാ സാമാജികർക്കും.
2 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5.പൊതുഭരണം(എസ്.സി) വകുപ്പ്(24.06.2015 ലെ മന്ത്രിസഭാ യോഗതീരുമാനം ഇനം.നം.6973 പ്രകാരം)
6.എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി മാർക്കും, ഗവ. സെക്രട്ടറി മാർക്കും.
7.എല്ലാ വകുപ്പ മേധാവികൾക്കും
8.എല്ലാ ജില്ലാ കളക്ടർമാർക്കും.
9. ട്രഷറി വകുപ്പ് ഡയറക്ടർ
10.പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും.

12. ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
13.ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി..
14 ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
15 .ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
16. നോഡൽ ഓഫീസർ www.finance.kerala.gov.in.
17. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**അക്കൗണ്ട്സ് ഓഫീസർ**